"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - വിവരപൊതുജന സമ്പർക്ക വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. കെ. ജി സന്തോഷ് നിയമനത്തിനായി കാത്തുനിന്ന 29.08.2018 മുതൽ 21.09.2018 വരെയുള്ള കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (സ്പെഷ്യൽ -ഇ) വകുപ്പ്

G.O.(Rt) No.3151/2024/GAD തീയതി,തിരുവനന്തപുരം, 12-07-2024

---

പരാമർശം:-
1. സ.ഉ. (സാധാ) നം. 5499/2017/പൊഭവ തീയതി 26.08.2017.
2. സ.ഉ(സാധാ) നം.6171/2018/പൊഭവ തീയതി 19/09/2018
3. ശ്രീ. കെ. ജി. സന്തോഷ് സമർപ്പിച്ച 08.02.2024 - ലെ നിവേദനം.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം അന്യത്രസേവന വ്യവസ്ഥയിൽ കേരള മീഡിയ അക്കാഡമിയിൽ സെക്രട്ടറി തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന വിവര പൊതുജന സമ്പർക്ക വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീ. കെ. ജി സന്തോഷ് ടിയാന്റെ സേവനകാലാവധിയായ ഒരു വർഷം 28.08.2018 പൂർവ്വാഹ്നത്തിൽ പൂർത്തികരിച്ച് വകുപ്പിൽ റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് പരാമർശം (2) ഉത്തരവ് പ്രകാരം ടിയാന് വകുപ്പ് ഡയറക്ടറേറ്റിൽ നിയമനം നൽകുകയും 22.09.2018-ൽ ടിയാൻ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ടിയാൻ നിയമനത്തിനായി കാത്തുനിന്ന 29.08.2018 മുതൽ 21.09.2018 വരെയുള്ള കാലയളവ് പരിവർത്തിതാവധിയായി ക്രമപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (3) പ്രകാരം ടിയാൻ അപേക്ഷ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. വിവര പൊതുജന സമ്പർക്ക വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീ. കെ. ജി സന്തോഷ് അന്യത്ര സേവന കാലയളവ് പൂർത്തിയാക്കി തിരികെ വകുപ്പിൽ റിപ്പോർട്ട് ചെയ്ത കാലയളവിൽ വിവര പൊതുജന സമ്പർക്ക വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ ഒഴിവില്ലാതിരുന്ന സാഹചര്യത്തിൽ, ടിയാൻ നിയമനത്തിനായി കാത്തുനിന്ന 29.08.2018 മുതൽ 21.09.2018 വരെയുള്ള കാലയളവ് പരിവർത്തിതാവധിയായി ക്രമീകരിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Sudha B
JOINT SECRETARY

ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ്
ശ്രീ. കെ.ജി സന്തോഷ്, ഡെപ്യൂട്ടി ഡയക്ടർ,, വിവര പൊതുജന സമ്പർക്ക വകുപ്പ് (വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Binu Kumar N S
Date: 12-07-2024 10:36:48
സെക്ഷൻ ഓഫീസർ